# തുടരും..

എഴുതിയത്: **Arjun Anand**

"ഓപ്പറേഷൻ ജാവ", "സൗദി വെള്ളക്ക" എന്നീ ചിത്രങ്ങൾക്ക് ശേഷം തരുൺ മൂർത്തി സംവിധാനം ചെയ്ത പുതിയ ചിത്രം ആണ് "തുടരും".കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മനോഹരമായ മലയോര പ്രദേശങ്ങളെ പശ്ചാത്തലമാക്കിയുള്ള ഈ ചിത്രം റാന്നി പ്രദേശത്തെ ഒരു സാധാരണ മനുഷ്യന്റെയും അദ്ദേഹത്തിന്റെ ചെറിയ കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും ജീവിതത്തിലെ രസകരവും അതിവൈകാരികവും ആയ മുഹൂർത്തങ്ങൾ വളരെ ഹൃദ്യമായി തുന്നിചേർത്ത ഒരു ഇമോഷണൽ ഫാമിലി ഡ്രാമ ആണ്... തരുൺ മൂർത്തി താൻ ചെറുപ്പം മുതൽ ആരാധനയോടെ കണ്ടു വളർന്ന മോഹൻലാലിലെ താരത്തിനേക്കാൾ ഉപരി നടനുള്ള ട്രിബ്യൂട്ട് ആയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്... അതിനായി അയാൾക്ക് വേണ്ടി വന്നത് ഒരു കൈലിമുണ്ടും പഴയൊരു അംബാസിഡർ കാറും

ഒരു പഴയ കറുത്ത അംബാസിഡർ കാർ ഓടിച്ചുകൊണ്ട് ഉപജീവനം നടത്തുന്ന ഒരു പാവം നാട്ടുമ്പുറത്തുകാരനായുള്ള മോഹൻലാലിൻറെ ഗംഭീര പ്രകടനം തന്നെ ആണ് ചിത്രത്തിന്റെ കാതൽ.... ഷണ്മുഖത്തിന്റെ പ്രിയപ്പെട്ട ഭാര്യ ലളിതയായി ശോഭന യും മികച്ചു നിൽക്കുന്നു.മകൻ പവിയും ഇളയ മകളും ഉൾപ്പെടുന്ന സന്തോഷകരമായ ചെറിയ കുടുംബമാണ് അവരുടേത്..

മലയാളികളുടെ പ്രിയപ്പെട്ട ഓൺ-സ്ക്രീൻ ജോഡിയായ മോഹൻലാൽ-ശോഭനയുടെ വർഷങ്ങൾക്കു ശേഷമുള്ള തിരിച്ചു വരവ് പ്രേക്ഷകരിൽ ഗൃഹാതുരത്വം ഉണർത്തുന്നുണ്ട്.. പ്രത്യേകിച്ച് ആദ്യപകുതിയിൽ കുടുംബത്തിലെ ചെറു കുസൃതികളും തമാശകളും സെൽഫ് ട്രോളുകളും നിറഞ്ഞ മുഹൂർത്തങ്ങൾ പ്രേക്ഷകനെ രസിപ്പിക്കുന്നതിനൊപ്പം ഷണ്മുഖന്റെ കുടുംബത്തിലേക്കും ചുറ്റുപാടുകളിലേക്കും പ്രേക്ഷകനെ അടുപ്പിക്കുന്നുമുണ്ട്.. ഇടവേളയ്ക്ക് തൊട്ടുമുമ്പ് കഥയിൽ സംഭവിക്കുന്ന വഴിത്തിരിവോടെ തരുൺ മൂർത്തി സിനിമയുടെ ഗിയർ ഷിഫ്റ്റിംഗ് നടത്തുന്നുണ്ട്.

തന്റെ പ്രിയ നടന് തരുൺ മൂർത്തി തുന്നി കൊടുത്തത് വൈവിധ്യമാർന്ന ഭാവങ്ങൾ വരച്ചു ചേർക്കുവാൻ ഉള്ള ക്യാൻവാസ് ആണ്.. അതിൽ ഗംഭീര മാസ്റ്റർ സ്ട്രോക്കുകളുമായി "മോഹൻലാലിന് തന്റെ പഴയ മിഴിവ് നഷ്ടപ്പെട്ടു" എന്ന വിമർശനങ്ങളെയും വിമർശകരെയും മഴയിൽ കുതിർന്നു നിൽക്കുന്ന മലയോരങ്ങളിൽ കുഴിച്ചുമൂടുന്നുണ്ട് മോഹൻലാൽ. ഇടവേളയ്ക്ക് ശേഷം സ്ക്രീൻ ടൈം കുറവാണെങ്കിലും ശോഭന ലളിതയുടെ വേഷത്തിൽ മികച്ച പിന്തുണ നൽകുന്നുണ്ട്.

മണിയൻപിള്ള രാജു, ഇർഷാദ് എന്നിവർ തങ്ങളുടെ വേഷങ്ങൾ മികച്ചതാക്കിയിട്ടുണ്ടെങ്കിലും മണിയൻപിള്ള രാജുവിന്റെ കുട്ടിച്ചൻ തികച്ചും വ്യത്യസ്തമായ രൂപ- ഭാവങ്ങളിൽ പുതുമ നൽകുന്നുണ്ട്. അന്തരിച്ച പ്രശസ്ത നടൻ കുതിരവട്ടം പപ്പുവിന്റെ മകനും ചിത്രത്തിന്റെ സഹ-സംവിധായകനുമായ ബിനു പപ്പു തന്റെ സിനിമജീവിതത്തിൽ ഇതുവരെ

ചെയ്തിട്ടുള്ളതിൽ മികച്ച വേഷം,അതിനോട് പൂർണ്ണ നീതി പുലർത്തി അവതരിപ്പിച്ചിട്ടുണ്ട്..

പക്ഷെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞത് വോഡാഫോണിന്റെ സൂസൂ പരസ്യങ്ങളിലൂടെ പേരുകേട്ട പ്രശസ്ത പരസ്യ ചിത്ര സംവിധായകൻ ആയ പ്രകാശ് വർമ്മയുടെ സി ഐ ജോർജ് മാത്തൻ ആയുള്ള സർപ്രൈസ് പാക്കേജാണ്. റാന്നി പെരുനാട് സ്റ്റേഷന്റെ സർക്കിൾ ഇൻസ്പെക്ടറുടെ വേഷം അദ്ദേഹം അതി ഗംഭീരമാക്കുക വഴി മലയാള സിനിമയിൽ ഒരു ഗംഭീര നടന്റെ ഉദയത്തിന്റെ സൂചന തരികയും ചെയ്യുന്നുണ്ട്.

ചിത്രത്തിലെ മറ്റൊരു ശക്തമായ "കഥാപാത്രം" ഷണ്മുഖന്റെ കറുത്ത അംബാസിഡർ കാറാണ് – അദ്ദേഹത്തിന്റെ അഭിമാനത്തിന്റെയും, കരുതലിന്റെയും, സ്നേഹത്തിന്റെയും,നഷ്ടങ്ങളുടെയും, പകയുടെയും എല്ലാം മൂക സാക്ഷി..കഥാഗതി പുരോഗമിക്കുന്നതിനോടൊപ്പം പ്രേക്ഷകർക്കും ഈ കാറുമായി ഒരു വൈകാരിക ബന്ധം രൂപപ്പെടുന്നുണ്ട്...

വായിച്ചും കേട്ടും അറിഞ്ഞത് പ്രകാരം ഈ കഥയുടെ ചിന്ത ഒരു ദശാബ്ദം മുമ്പ് എഴുത്തുകാരൻ കെ.ആർ. സുനിലിന്റെ മനസ്സിൽ ഉരുത്തിരിഞ്ഞത് ഒരു യാത്രക്കിടയിൽ ഒരു പോലീസ് സ്റ്റേഷന്റെ പിന്നാമ്പുറത്ത് പിടിച്ചിട്ടിരുന്ന വാഹനങ്ങളെ നോക്കി നിൽക്കുന്ന ഒരു മനുഷ്യന്റെ ഹൃദയസ്പർശിയായ കാഴ്ചയിൽ നിന്നാണ്.വർഷങ്ങളുടെ കാത്തിരിപ്പിനോടുവിൽ ഈ കഥ അതിന്റെ നാഥനെ കണ്ടെത്തിയത് തരുൺ മൂർത്തിയിൽ ആണ്...സുനിലിനൊപ്പം തരുണും ചേർന്നത്തോടെ ഇന്ന് നമ്മൾ കാണുന്ന സിനിമ രൂപപ്പെട്ടു...

ജേക്സ് ബിജോയിയുടെ ഫോക് ലോറിന്റെ ഫ്ലേവർ കലർത്തിയ വൈകാരികമായ പശ്ചാത്തല സംഗീതവും കാടിന്റെ വന്യത ഒപ്പിയെടുത്ത ഷാജി കുമാറിന്റെ മനോഹരമായ ദൃശ്യങ്ങളും ചിത്രത്തിന്റെ വൈകാരികതയെയും മലയോര പ്രദേശങ്ങളുടെ സൗന്ദര്യത്തെയും നിഗൂഢതയെയും പൂർണ്ണമായി പ്രേക്ഷകന് പകർന്നു നൽകുന്നുണ്ട്.

ചുരുക്കത്തിൽ, "തുടരും" ഒരു ചലച്ചിത്രത്തിനപ്പുറം ഒരു വികാരമാണ്. തരുൺ മൂർത്തി പ്രതീക്ഷിച്ചതുപോലെ, മോഹൻലാലിന്റെ "സ്ലീപ്പർ സെൽ" ആരാധകർ – ദശാബ്ദങ്ങളിലൂടെ അദ്ദേഹം സമ്പാദിച്ച വിലമതിക്കാൻ ആവാത്ത സ്വത്ത് – അവർ വീണ്ടും ഉണരുകയാണ്. "ഈ പ്രായത്തിൽ തുടരും കാണാൻ വന്നതാണോ? അത് മോഹൻലാലിനോടുള്ള ഇഷ്ടം കൊണ്ടാണോ?" എന്ന് ചോദിച്ച ഓൺലൈൻ മാധ്യമപ്രവർത്തകനോട് ഒരു മുത്തശ്ശി മറുപടി ആയി പറഞ്ഞ വാക്കുകൾ തരുൺമൂർത്തിയുടെ കണക്കുകൂട്ടലുകൾ ശരി വയ്ക്കുന്നുണ്ട്...

"അതെ....എന്റെ മകനാണ്."